**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7995** **24.07.2012 ൽ മറുപടിയ്ക്ക്**

## വാഹനപരിശോധനയ്ക്ക് ആധുനികസംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വാഹനപരിശോധനയ്ക്ക് എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | വാഹനപരിശോധനയ്ക്കായി റഡാറുകൾ, ഇന്റർസെപ്റ്ററുകൾ , സ്മോക്ക് മീറ്റർ, ഗ്യാസ് അനലൈസർ, ബ്രത്ത് അനലൈസർ, ക്യാമറ സർവൈലൻസ് സിസ്റ്റം, പോർട്ടബിൾ വെയിംഗ് മെഷീൻ, പി.ഡി.ഐ (പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റൻസ് ) എന്നീ ആധുനിക സംവിധാനങ്ങൾ ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. ഇത് വ്യാപകമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് . |
| (ബി) | പാതകളിൽ നിരീക്ഷണ ക്യാമറകളും വാഹനപരിശോധനയ്ക്ക് കമ്പ്യൂട്ടറൈസ്ഡ് സംവിധാനവും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | പരിഗണിച്ചിട്ടുണ്ട്. പാതകളിൽ നിരീക്ഷണ ക്യാമറകളും ഇന്റർസെപ്റ്റർ,റഡാർ സംവിധാനങ്ങളും നടപ്പിലാക്കിക്കഴിഞ്ഞു. ഇവ വ്യാപിപ്പിക്കുന്നതാണ്. കമ്പ്യൂട്ടറൈസ്ഡ് സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ട്രാഫിക് പോലീസിന്റെ സാന്നിദ്ധ്യമില്ലാതെ തന്നെ ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ 30 കേന്ദ്രങ്ങളിൽ ട്രാഫിക് റഗുലേറ്ററി സെന്ററുകൾ തുടങ്ങുന്നതിനു വേണ്ടിയുള്ള ഒരു നിർദ്ദേശം പരിഗണനയിൽ ഉണ്ട്. സംസ്ഥാനത്തെ അപകട നിരക്ക് കൂടിയ 525 കി.മീ. ദൈർഘ്യം വരുന്ന പ്രധാനപ്പെട്ട 8 റോഡുകളിൽ ഓരോ 7 കിലോമീറ്ററിലും റോഡിനിരുവശത്തും സ്പീഡ് സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | വേണ്ടിയുള്ള വിശദമായ ഒരു നിർദ്ദേശം സ്റ്റേറ്റ് പോലീസ് ചീഫ് സമർപ്പിച്ചിട്ടുണ്ട്. ഇതും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ എൻഫോഴ്സ്മെന്റ് ആട്ടോമേഷന്റെ ഭാഗമായി സർവൈലൻസ് ക്യാമറ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതു മുഖാന്തിരം മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കി വരുന്നു. താമസിയാതെ കോഴിക്കോട്ടും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതാണ്. വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയ്ക്കായി കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന കേന്ദ്രം കോഴിക്കോട് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കണ്ണൂരിൽ അടുത്തു തന്നെ പ്രവർത്തനം തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ